## 36

1 യേശുനായക! ശ്രീശ! നമോ നമോ
നാശവാരണ സ്വാമിൻ! നമോ നമോ
മോശി പൂജിതരൂപാ! നമോ നമോ മഹീപാദ!

2 മാനുവേലനേ പാഹി  നമോ നമോ
മാനവസുതവര്യാ! നമോ നമോ
ദീനവത്സല! ക്രിസ്തോ! നമോ നമോ-ദിനമാകെ

3 കുഷ്ഠരോഗവിനാശാ! നമോ നമോ
തുഷ്ടി നൽകുമെന്നീശാ! നമോ നമോ
ശിഷ്ടപാലക വന്ദേ! നമോ നമോ - ദിപപീഠ!

4 പഞ്ചപൂപപ്രദാനാ! നമോ നമോ
സഞ്ചിതാധിക പുണ്യാ! നമോ നമോ
അഞ്ചിതാനനയുക്താ! നമോ നമോ-പരമീഡേ

5 ആഴിമേൽ നടന്നോനേ! നമോ നമോ
ശേഷിയറ്റവർക്കീശാ! നമോ നമോ
ഊഴിമേൽ വരും നാഥാ! നമോ നമോ-തൊഴുകൈയായ്

6 സ്വസ്തികാവിദ്ധദേഹാ! നമോ നമോ
ദുസ്ഥ രക്ഷണ ശീലാ! നമോ നമോ
ശസ്തമസ്തു തേ നിത്യം നമോ നമോ-ബഹുഭൂയാൽ **K.V.S**